## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1059

12-07-2016 ൽ മറുപടിയ്ക്ക്

### ഓണാട്ടുകര പ്രദേശത്തുള്ള വയലുകൾ

**ചോദ്യം**
ശ്രീ.ആർ. രാമചന്ദ്രൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| *(എ) | ഓണാട്ടുകര പ്രദേശത്തുള്ള വയലുകൾ കൃഷിരഹിതമായി കിടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ആലപ്പുഴ ജില്ലയിൽ ഓണാട്ടുകര പ്രദേശത്ത് 1489 ഹെക്ടർ പ്രദേശം തരിശു നിലങ്ങളായി കിടക്കുന്നുണ്ട്. |
| (ബി) | ഈ പ്രദേശത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) | ഓണാട്ടുകര പ്രദേശത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി തരിശു കിടന്ന പുഞ്ചനിലങ്ങൾ കൃഷിയോഗ്യമാക്കുയുണ്ടായി. കൂടാതെ സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം ഉല്പാദനോപാധികൾക്കുള്ള സബ്സിഡികളും അനുവദിച്ചു വരുന്നു. തരിശുകിടക്കുന്ന സ്ഥലങ്ങൾ പാട്ടകൃഷി മാനദണ്ഡങ്ങൾ അനുസരിച്ച് ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആലപ്പുഴ ജില്ലയിൽ ഈ വർഷം 500 ഹെക്ടർ തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യാൻ ലക്ഷ്യമിടുന്നു. |
| (സി) | ഓണാട്ടുകര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളേതെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | ഓണാട്ടുകര വികസന ഏജൻസി മുഖാന്തിരം നെൽകൃഷി വികസനം, എള്ളു കൃഷി വികസനം, പച്ചക്കറി കൃഷി പ്രോത്സാഹനം, പച്ചക്കറി - കിഴങ്ങുവർഗ്ഗ ഇടവിളകൃഷി, ഉപ്പു വെള്ള നിയന്ത്രണ |

| | | | |
|---|---|---|---|
| | | | പദ്ധതി, വെറ്റില കൃഷി വികസനം എന്നിവ നടപ്പിലാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**